**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1888** **08-02-2023 - ൽ മറുപടിയ്ക്ക്**

**മട്ടന്നൂർ മണ്ഡലത്തിലെ ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | മട്ടന്നൂർ മണ്ഡലത്തിലെ മാലൂർ ജി.എച്ച്.എസ്.എസ്., പടിയൂർ ജി.എച്ച്.എസ്.എസ്., ചിറ്റാരിപ്പറമ്പ് ജി.എച്ച്.എസ്.എസ്. എന്നീ സ്കൂൾ ഗ്രൗണ്ടുകളുടേയും കീഴല്ലൂർ, മാലൂർ എന്നീ പഞ്ചായത്ത് സ്റ്റേഡിയങ്ങളുടേയും നവീകരണത്തിനായി സർക്കാർ തുക അനുവദിച്ചിട്ടുണ്ടോ; പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (എ) | **മട്ടന്നൂർ നിയോജക മണ്ഡലത്തിലെ മാലൂർ ജി.എച്ച്.എസ്.എസ്, പടിയൂർ ജി.എച്ച്.എസ്.എസ്, ചിറ്റാരിപ്പറമ്പ് ജി.എച്ച്.എസ്.എസ് എന്നീ സ്കൂൾ ഗ്രൗണ്ടുകളുടെയും കീഴല്ലൂർ, മാലൂർ എന്നീ പഞ്ചായത്ത് സ്റ്റേഡിയങ്ങളുടെയും നവീകരണത്തിനായി 05.11.2020ലെ സ.ഉ(സാധാ)നം.180/2020/ കാ.യു.വ പ്രകാരം ഭരണാനുമതി നൽകിയിരുന്നു. തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിൽ വന്നതിനാലും പ്രസ്തുത സ്ഥാപനങ്ങൾ നിശ്ചിത സമയപരിധിക്കുള്ളിൽ ധാരണാപത്രം സമർപ്പിക്കാത്തതിനാലും 2020-21 സാമ്പത്തിക വർഷം തുക കൈമാറാൻ സാധിച്ചിരുന്നില്ല. ധാരണാപത്രം സമർപ്പിച്ച പടിയൂർ ജി.എച്ച്.എസ്.എസ്-ന് തുക അനുവദിച്ചു നൽകിയിട്ടുണ്ട്. മാലൂർ ജി.എച്ച്.എസ്.എസ്., ചിറ്റാരിപറമ്പ് ജി.എച്ച്.എസ്.എസ്. എന്നീ സ്കൂളധികൃതരുമായി സ്പോർട്സ് കേരള ഫൗണ്ടേഷൻ ഉദ്യോഗസ്ഥർ നടത്തിയ ചർച്ചയുടെയടിസ്ഥാനത്തിൽ സാങ്കേതികാനുമതിയ്ക്കായി എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.** |
| (ബി) | ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം എന്ന പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് എത്ര പഞ്ചായത്തുകളിൽ കളിസ്ഥലങ്ങൾ അനുവദിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; | (ബി) | **വിവിധ ജനപ്രതിനിധികളിൽ നിന്നും ലഭ്യമായ പ്രൊപ്പോസലുകൾ ടി പദ്ധതിയുടെ സ്ക്രൂട്ടിനി കമ്മിറ്റി പരിശോധിച്ച് ശിപാർശ ചെയ്ത 113 പഞ്ചായത്തുകളിൽ കളിസ്ഥലങ്ങൾ ആദ്യഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.** |
| (സി) | പ്രസ്തുത പദ്ധതി എല്ലാ പഞ്ചായത്തുകളിലും നടപ്പിലാക്കുന്നതിന് ഈ സാമ്പത്തിക വർഷത്തിൽ തന്നെ നടപടി സ്വീകരിക്കുമോ? | (സി) | **പ്രസ്തുത പദ്ധതി ഘട്ടം ഘട്ടമായി എല്ലാ പഞ്ചായത്തുകളിലും നടപ്പിലാക്കുവാനാണ് ലക്ഷ്യമിടുന്നത്.** |

സെക്ഷൻ ഓഫീസർ